സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) ശ്രീ. സുനിൽകുമാർ. വി. IPS ന്റെ ശമ്പളം മാനുവലായി ചെലവെഴുതുന്നതിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 2284/22/Est-1** നന്തൻകോട്, **29-05-2025**

---

പരാമർശം :- (1) 19-04-2025 ലെ ROC 16546/24/EDP നമ്പർ ബോർഡ് ഉത്തരവ്
(2) 03-05-2025 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്.
(3) സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) ന്റെ 22-05-2025 ലെ CT 109/25/TDB/Vig നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്തെ ആഫീസുകളിൽ 2025 ഏപ്രിൽ മാസം മുതൽ G-SPARK മുഖേന മാത്രം ശമ്പളം പ്രൊസസ്സ് ചെയ്ത് വിതരണം ചെയ്യുന്നതിന് ഉത്തരവായിരുന്നു (പരാമർശം -1).

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വിജിലൻസ് വിഭാഗം ചീഫ് വിജിലൻസ് & സെക്യൂരിറ്റി ആഫീസറായി അന്യത്രസേവന വ്യവസ്ഥയിൽ പ്രവൃത്തിയെടുത്തുവരുന്ന ശ്രീ. സുനിൽകുമാർ. വി. IPS ന്റെ സർവ്വീസ് വിവരങ്ങൾ SPARK -ൽ നിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ G-SPARK ലേക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ടെങ്കിലും പേ-സ്കെയിൽ, അലവൻസ് എന്നിവ G-SPARK ൽ അപ്ഡേറ്റ് ആയിട്ടില്ലാത്തതിനാൽ കൃത്യമായി ശമ്പളം പ്രൊസസ്സ് ചെയ്യാൻ സാധിക്കാത്തതതിനാൽ ടിയാന്റെ 04/2025 ലെ ശമ്പളം G-SPARK മുഖാന്തിരമല്ലാതെ ചെലവെഴുതുന്നതിന് അനുവാദ ഉത്തരവിനായി സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) ന്റെ റിപ്പോർട്ട് ലഭിച്ചതിനെ തുടർന്ന് ടിയാന്റെ 04/2025 ലെ ശമ്പളം G-SPARK മുഖാന്തിരമല്ലാതെ മാനുവൽ ആയി ചെലവെഴുതുന്നതിന് അനുവദിച്ച് ബോർഡ് ഉത്തരവ് നൽകി (പരാമർശം -2).

(മറുപുറം)

പ്രസ്തുത സാങ്കേതിക തകരാർ പരിഹരിച്ചിട്ടില്ല എന്നും ആയത് പരിഹരിച്ച് G-SPARK ൽ ആവശ്യമായ അപ്ഡേറ്റ് വരുത്തുന്നതുവരെ ശമ്പളം മാനുവൽ ആയി ചെലവെഴുതുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും വിവരിച്ച് സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) ന്റെ റിപ്പോർട്ട് ലഭിച്ചു (പരാമർശം –3).

ടി വിഷയം ബോർഡ് വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) ശ്രീ. സുനിൽകുമാർ. വി. IPS ന്റെ G-SPARK മായി ബന്ധപ്പെട്ട സാങ്കേതിക വശങ്ങൾ പരിഹരിക്കുന്നതുവരെ ടിയാന്റെ ശമ്പളം G-SPARK മുഖാന്തിരം അല്ലാതെ ചെലവെഴുതുന്നതിന് അനുവദിച്ചും കൂടാതെ ടിയാന്റെ ശമ്പളം തയ്യാറാക്കുന്നതിലേക്കായി G-SPARK മായി ബന്ധപ്പെട്ട സാങ്കേതിക തകരാർ എത്രയും പെട്ടെന്ന് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി ഐ.റ്റി. ഡിവിഷനെ ചുമതലപ്പെടുത്തിയും ബോർഡ് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

ശ്രീ. സുനിൽകുമാർ. വി. IPS,
സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി),
തിരുവിതാംകൂർ ദേവസ്വം ബോർഡ്

പകർപ്പ് :–

1. ദേവസ്വം കമ്മീഷണർ
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
3. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
4. ഐ.റ്റി. ഡിവിഷൻ
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK